## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5057 01.07.2013-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്കാർക്കെതിരെ നടന്നു വരുന്ന അതിക്രമങ്ങൾ**

**ചോദ്യം**

ശ്രീ. പി.കെ.ഗുരുദാസൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. സി.കെ.സദാശിവൻ
,, കെ.വി. വിജയദാസ്

**ഉത്തരം**

കുമാരി പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികവർഗ്ഗക്കാർക്കെതിരെ നടന്നു വരുന്ന അതിക്രമങ്ങൾ തടയുന്നതിനുള്ള സ്കീം സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ; ഇതിന് കേന്ദ്ര സഹായ പദ്ധതിയുണ്ടോ; ഈ വർഷത്തെ ബജറ്റിൽ ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട് ; ആയത് മുൻ വർഷം എത്ര യായിരുന്നു ; | (എ) | പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവയ്ക്കായി 2225-02-800-68- ശീർഷകത്തിൽ തുക വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പട്ടിക വർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യാൻ കർശന നിയമ നടപടി സ്വീകരിക്കുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി പ്രകാരം ഉറപ്പ് വരുത്തുന്നുണ്ട്. ഇത് 50 ശതമാനം കേന്ദ്ര സഹായ പദ്ധതിയാണ്. 2013-14 സാമ്പത്തികവർഷംടി പദ്ധതി നടത്തിപ്പിനായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷം ഈ ഇനത്തിൽ 33 ലക്ഷം രൂപ അനുവദിച്ചിരുന്നു. |
| (ബി) | ഈ വർഷത്തെ സ്കീമിൽ നിന്ന് അതിക്രമങ്ങൾക്ക് വിധേയരായവർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കുകയുണ്ടായി ; | (ബി) | ഈ വർഷത്തെ സ്കീമിൽ നിന്ന് അതിക്രമങ്ങൾക്ക് വിധേയരായ 8 പേർക്ക് 3,45,000/-രൂപ ധന സഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | അതിക്രമങ്ങൾക്കെതിരെ നിലവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നറിയാമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 306 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

Rashmi[signature]

**സെക്ഷൻ ഓഫീസർ**